സർക്കാർ കരാറുകാരുടെ കുടിശ്ശിക

101 (107) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കരാറുകാരുടെ കുടിശ്ശിക 2015 ഡിസംബറിനകം പൂർണമായും കൊടുത്തു തീർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ ; നിലവിലുള്ള മൊത്തം കുടിശ്ശികയുടെ കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഈ വർഷം സംസ്ഥാനത്തിന് കൂടുതൽ കേന്ദ്ര സഹായം കിട്ടിയിട്ടും കരാറുകാരുടെ കുടിശ്ശിക പൂർണമായും നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26-4-2015-ൽ ചർച്ച നടത്തുകയും അതനുസരിച്ച് അന്ന് നിലവിലുണ്ടായിരുന്ന പൊതുമരാമത്ത് നിരത്തു വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തു വിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തുതീർക്കാൻ ധാരണയായിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഫെബ്രുവരി മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഏപ്രിൽ 2015 വരെയുള്ള ബില്ലുകൾ ഫെബ്രുവരി 2016 മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഫെബ്രുവരി 2015 വരെയുള്ള ബില്ലുകൾ ഫെബ്രുവരി 2016 മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് 16-9-2015-ലെ G.O. (Rt) No. 8219/15/Fin. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം പ്രസ്തുത കാലയളവിലെ ബില്ലുകൾ കോൺട്രാക്ടർമാർക്ക് ഡിസ്കൗണ്ട് ചെയ്യാവുന്നതാണ്. ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-8-2014 മുതൽ 30-6-2015 വരെ 1242.87 കോടി രൂപയുടെയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 1-1-2015 മുതൽ 31-7-2015 വരെ 271.97 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 1-11-2014 മുതൽ 31-5-2015 വരെ എല്ലാ വിഭാഗങ്ങളിൽനിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 89.65 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1604.49 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധനകാര്യ വകപ്പിൽ ലഭ്യമാകുന്ന നിർദ്ദേശം അനുസരിച്ച് കോൺട്രാക്ടർ മാരുടെ ബില്ലുകളുടെ തുകയ്ക്കുള്ള ലറ്റർ ഓഫ് ക്രഡിറ്റ് അനുവദിക്കുന്നതിനുള്ള സത്വരമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ കടിശ്ശിക തീർക്കുന്നതിന് കേന്ദ്രസഹായമായി ലഭിക്കുന്ന വരുമാനവും ഉപയോഗപ്പെടുത്തുന്നുണ്ട്.

ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ

102 (108) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകൾ ഓരോന്നിലെയും നിർദ്ദേശങ്ങൾ എത്രവീതമായിരുന്നു;വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും പൂർണ്ണമായും അതാത് വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) അതാത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ എത്രവീതമായിരുന്നു; വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ ; ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച നിർദ്ദേശങ്ങൾ എത്ര കോടിയുടേതായിരുന്നു ; അതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിനാവശ്യമായ തുക നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉപധനാഭ്യർത്ഥനകളിലൂടെയാണ് അനുവദിച്ച് വരുന്നത്. ഓരോ ബഡ്ജറ്റിലും

LIBRARY ARCHIVES Kerala Legislative Assembly